ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് നൽകിക്കഴിഞ്ഞതിനാൽ സ്ഥലമെടുപ്പ് സംബന്ധിച്ച ജോലികൾ ധൃതഗതിയിൽ നടന്ന് വരുന്നു.

(സി) സ്ഥലം ലഭ്യമായാൽ എത്രയുംവേഗം പണി ആരംഭിക്കുന്നതാണ്.

വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കുന്ന നടപടി

111(1014) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ എത്ര ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഓരോ ലാഭകേന്ദ്രവും എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് വിവക്ഷിക്കുന്നത് ;

(സി) ഇതനുസരിച്ച് വൈദ്യുതിയുടെ വില്പന വില എന്തായിരിക്കണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കാൻ ഉദ്ദേശമില്ല. ബോർഡിന്റെ പുന:സംഘടനയുടെ ഭാഗമായി ബോർഡിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്ക് പ്രത്യേകം പ്രത്യേകം ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുത നയം അനുസരിച്ച് ബോർഡിന്റെ മൊത്തം ഇക്വിറ്റിയുടെ പതിനാറു ശതമാനം ലാഭമുണ്ടാക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്.

(സി) ലാഭകേന്ദ്രങ്ങളാക്കുന്നതുകൊണ്ട് നിലവിലുള്ള വൈദ്യുതി നിരക്കിന് മാറ്റം വരില്ല. വൈദ്യുതിയുടെ വില്പന വില, ഉല്പാദനചെലവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്.

വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം സംബന്ധിച്ച് കേന്ദ്രനിർദ്ദേശം

112(1015) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ വിഷയം സംബന്ധിച്ച് കേന്ദ്ര പ്രതിനിധികൾ കേരളം സന്ദർശിക്കുകയും നിയന്ത്രണ അതോറിറ്റി രൂപവൽക്കരണം സാദ്ധ്യമായി ഇല്ലെങ്കിൽ കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി വിഹിതം വെട്ടിക്കുറയ്ക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നോ ;

(സി) കേന്ദ്രത്തിൽ അധികാരത്തിലിരുന്ന ഐക്യമുന്നണി ഗവൺമെന്റ് ഇപ്രകാരമൊരു നിയന്ത്രണ സമിതിയ്ക്ക് ശ്രമിച്ചിരുന്നോ യെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 1998 ലെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ ആക്ടിന്റെ സെക്ഷൻ 17 (1) അനുസരിച്ച് സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷനുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അറിയില്ല.

(സി) 1998 ഏപ്രിൽ മാസത്തിൽ കേന്ദ്ര ഊർജ്ജ മന്ത്രി ശ്രീ. കുമാരമംഗലത്തിന്റെ ഒരു കത്ത് ഇക്കാര്യത്തിൽ ലഭിച്ചിരുന്നു.

സംസ്ഥാനവൈദ്യുതി ബോർഡിൽ ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി

113(1016) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന വൈദ്യുതി ബോർഡിൽ ടേൺ-കീ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികളോ മറ്റ് പണികളോ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) ഈ പദ്ധതികളുടേയോ പണികളുടേയോ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ബോർഡിന്റെ ഉദ്യോഗസ്ഥൻമാരാണോ ; ടേൺ-കീ അടിസ്ഥാനത്തിൽ പദ്ധതികളോ പണികളോ ചെയ്തവർ ആരാണെന്ന് വെളിപ്പെടുത്തുമോ ;